ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/04/2016*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2014-16*


# NECHIYIL

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**






- For scientific Ayurvedic treatments with a traditional touch
- SNEHA SWEDA KARMAS & PANCHAKARMA treatments are also done.
- Specialised in SIDHA medicine

**PHYSICIANS**

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 9562529095*




॥ओ३म्॥

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*
**വൈദിക – ദാർശനിക മാസിക**
**DAYANANDA SANDESAM**
ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!



പുസ്തകം : 3 ലക്കം 10

വേദ സൃഷ്ടി സംവത്സരം 1972949117 കലിവർഷം 5117 ചൈത്രം – വൈശാഖം
1191 മീനം – മേടം 2016 ഏപ്രിൽ

വാർഷിക വരിസംഖ്യ: ₹ 60 /- ദീർഘകാലം: ₹1000/-




## പണ്ഡിറ്റ് ഗുരുദത്ത് വിദ്യാർത്ഥി (1864 – 1890)


**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| ഏപ്രിൽ 06 | : | മഹാശയ് രാജ്പാൽ രക്തസാക്ഷി ദിനം |
| ഏപ്രിൽ 10 | : | ആര്യസമാജസ്ഥാപന ദിനം |
| ഏപ്രിൽ 13 | : | ജാലിയൻ വാലാബാഗ് സ്മൃതി ദിനം |
| ഏപ്രിൽ 19 | : | മഹാത്മാഹൻസ്രാജ് ജന്മദിനം |
| ഏപ്രിൽ 20 | : | പണ്ഡിത വേദസന്ധു ശർമ്മ ജന്മദിനം |
| ഏപ്രിൽ 26 | : | പണ്ഡിറ്റ് ഗുരുദത്ത് വിദ്യാർത്ഥി ജന്മദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



### *മണ്ഡലം 1 സൂക്തം 5*

***മധുച്ഛന്ദാ ഋഷിഃ ഇന്ദ്രോ ദേവതാ നിചൃദ്ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ***

**ആ ത്വാ വിശന്ത്വാ ശവഃ സോമാസ ഇന്ദ്ര ഗിർവ്വണഃ |**

**ശന്തേ സന്തു പ്രചേതസേ ||**

*(ഋഗ്വേദം 1. 5. 7)*

**പദാർത്ഥം:** അല്ലയോ ധാർമ്മിക! (ഗിർവ്വണഃ) പ്രശംസാർഹമായ വിധത്തിൽ കർമ്മം ചെയ്യുന്ന പണ്ഡിതൻമാരായ ആത്മാക്കളെ! (അശവഃ) വേഗാദി ഗുണസഹിതമായി എല്ലാ ക്രിയകളിലും വ്യാപ്തനും (സോമാസഃ) എല്ലാ പദാർത്ഥങ്ങളും (ത്വാ) നിങ്ങൾക്ക് (ആവിശന്തു) പ്രാപിയ്ക്കാനും അതേപോലെ ഈ പ്രാപിച്ച പദാർത്ഥങ്ങളെ (പ്രചേതസേ) ശുദ്ധജ്ഞാനത്താൽ (തേ) നിനക്ക് സുഖം നൽകുന്നതായി (സന്തു) ഭവിക്കട്ടെ.

**ഭാവാർത്ഥം:** വിദ്വാനും പരോപകാരിയുമായി നിത്യവും പ്രവർത്തിക്കുകയും സർവ്വപദാർത്ഥങ്ങളുടേയും ഉപകാര ഗ്രഹണം നടത്തി എല്ലാ പ്രാണികൾക്കും സുഖം നൽകുന്നവരായ മനുഷ്യർക്ക് ഈശ്വരൻ അനുഗ്രഹം ചൊരിയുന്നു. അയാൾ മാത്രമാണ് സദാ സുഖത്തെ പ്രാപിയ്ക്കുന്നത്. മറ്റാരുമല്ല.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*

*തർജ്ജമ : കെ. എം. രാജൻ)*

## ദയാനന്ദ സന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദ സന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കുവാൻ അഭ്യർത്ഥിക്കുന്നു. വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം:

**വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം,**

**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504.**

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*

*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*





# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 3 ലക്കം 10

വേദ സൃഷ്ടി സംവത്സരം 1972949117 കലിവർഷം 5117 ചൈത്രം – വൈശാഖം

1191 മീനം – മേടം 2016 ഏപ്രിൽ

**രക്ഷാധികാരി**

സ്വാമി ആശുതോഷ്ജി പരിവ്രാജക്

**പത്രാധിപർ**

കെ.എം. രാജൻ

**ഉപദേശക സമിതി**

ആചാര്യ വാമദേവ് ആര്യ

ടി. ആർ. ബാലചന്ദ്രൻ നായർ

വാനപ്രസ്ഥി ശ്രീധര മുനി

വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**

**താളുകൾ മറിക്കുമ്പോൾ**

| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ശത്രുവോ? മിത്രമോ? | : | 6 |
| ഉപദേശ മഞ്ജരി | : | 7 |
| ജീവിതം ഒരലയാഴി | : | 8 |
| സ്വസ്ഥ വൃത്തം | : | 10 |
| വേദാന്തി ധ്വാന്തി നിവാരണം | : | 11 |
| സംശയനിവാരിണി | : | 12 |
| മഹർഷി ദയാനന്ദ സരസ്വതി | : | 13 |
| വേദപ്രകാശം പാഠാവലി | : | 14 |

**വിലാസം**

**ദയാനന്ദ സന്ദേശം, ആര്യസമാജം,**

**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**

**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**

**Ph:9562529095, 9446017440**

**Email:dayanandasandesam@gmail. com**

**Visit us : www.thearyasmaj.org/kerala**

## മുഖവാണി

### നിരാകാരനായ ഈശ്വരന്റെ ധ്യാനം



**ആ**ര്യസമാജത്തിന്റെ രണ്ടാമത്തെ നിയമത്തിൽ ഈശ്വരനെ വർണ്ണിക്കുന്നത് ഇങ്ങിനെയാണ്. 'ഈശ്വരൻ സച്ചിദാനന്ദ സ്വരൂപനും നിരാകാരനും സർവ്വശക്തിമാനും ന്യായകാരിയും ദയാലുവും ജന്മമെടുത്തിട്ടില്ലാത്തവനും നിത്യനും പവിത്രനും സൃഷ്ടികർത്താവുമാകുന്നു. കേവലം ആ ഈശ്വരൻ മാത്രമാണ് ഉപാസനയ്ക്ക് യോഗ്യൻ'.

വേദങ്ങളിൽ വർണ്ണിയ്ക്കുന്ന ഈശ്വരന്റെ സ്വരൂപമാണ് മേൽപറഞ്ഞ നിയമത്തിൽ കാണുന്നത്. അപ്പോൾ പലരും ഉന്നയിക്കുന്ന ഒരു സംശയം നിരാകാരനായ ഈശ്വരനെ എങ്ങിനെയാണ് ധ്യാനിയ്ക്കുക എന്നതാണ്. അതിന് ഒരു വിഗ്രഹത്തിന്റേയോ സ്ഥാനത്തിന്റേയോ ആവശ്യം വരുന്നില്ലേ എന്നാണ്. സത്യാർത്ഥപ്രകാശത്തിലും മറ്റും മഹർഷി ദയാനന്ദൻ ഈ വിഷയം വിസ്തരിച്ചെഴുതിയിട്ടുണ്ട്.

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*

*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

ധ്യാനിയ്ക്കുന്നതിന് ആകൃതിയുടേയോ രൂപത്തിന്റേയോ ആവശ്യമില്ല. നാം സുഖം ലഭിക്കണമെന്നാഗ്രഹിച്ച് സുഖത്തേ ധ്യാനിക്കുകയാണെങ്കിൽ സുഖത്തിന്റെ ഒരു ബിംബം പ്രതിഷ്ഠിച്ചിട്ടാണോ ധ്യാനിയ്ക്കുന്നത് ? തങ്ങൾക്ക് ദുഃഖങ്ങളൊന്നും വരരുതെന്ന് ധ്യാനിയ്ക്കുമ്പോൾ ദുഃഖത്തിന്റെ വിഗ്രഹം മുന്നിൽ വെക്കാറില്ലല്ലോ. സുഖത്തിനും ദുഃഖത്തിനും ഒരാകൃതിയുമില്ലെങ്കിലും നമുക്കതിനേ സങ്കൽപ്പിക്കാനാവുന്നുണ്ട്. അതിനാൽ ധ്യാനത്തിന് രൂപത്തിന്റെ ആവശ്യമില്ലാ എന്നു തന്നെ പറയാം.

കൂടാതെ ഭൂമിയുടെ ഗുരുത്വാകർഷണശക്തിക്ക് നിറമോ, വർണ്ണമോ, രൂപമോ ഉണ്ടോ? എന്നിരുന്നാലും നിരാകാരത്തിലുള്ള ഗുരുത്വാകർഷണസിദ്ധാന്തത്തേപറ്റി നാം പഠിക്കുന്നില്ലേ? പഠിപ്പിക്കുന്നുമില്ലേ? എക്സറേ, അൽഫാറേ, ബീറ്റാ റേ, ഗാമ റേ എന്നിവയൊന്നും കാണാനാവുന്നതല്ല. ഇൻഫ്രാറെഡ് ലൈറ്റും അൾട്രാ സൗണ്ടുമൊന്നും ദൃഷ്ടിഗോചരമല്ല. റേഡിയോ, ടെലിവിഷൻകിരണങ്ങൾ എന്നിവ എങ്ങും വ്യാപിച്ചിട്ടുണ്ടെങ്കിലും നമുക്കത് കാണാനാവുന്നില്ല. സ്വിച്ച് ഓൺ ചെയ്ത് ചാനൽ മാറ്റുമ്പോൾ വിവിധ കേന്ദ്രങ്ങളിൽ നിന്നുള്ള പരിപാടികൾ കാണാനും കേൾക്കാനുമാകുന്നു. വായുവും, വൈദ്യുതിയും, വിശപ്പും മറ്റു വികാരങ്ങളുമെല്ലാം അങ്ങിനെ തന്നെയാണ്. അത്തരത്തിൽ അനേകം പദാർത്ഥങ്ങളുണ്ട്. എല്ലാം അതിന്റേതായ കാര്യങ്ങൾ നിർവ്വഹിയ്ക്കുന്നു. പരിശീലനം കൊണ്ട് നമുക്ക് ഈശ്വരനെ ധ്യാനിയ്ക്കാനാവുന്നതാണ്. മഹർഷി പതഞ്ജലിയുടെ യോഗദർശനത്തിൽ പറയുന്ന അഷ്ടാംഗയോഗമാണതിനുള്ള ഉത്തമ മാർഗ്ഗം.

**പത്രാധിപർ**


## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| (1) | സന്ധ്യോപാസനയും അഗ്നിഹോത്രവും | – | ₹ 60.00 |
| (2) | വേദം – എന്ത്? എന്തിന്? എങ്ങനെ? | – | ₹ 95.00 |
| (3) | ആര്യോദയം | – | ₹ 10.00 |
| (4) | ആര്യസമാജം എന്ത്? എന്തിന്? | – | ₹ 10.00 |
| (5) | സത്യാർത്ഥപ്രകാശം എന്ത്? എന്തിന്? | – | ₹ 10.00 |
| (6) | വൈദിക നിത്യകർമ്മ വിധി | – | ₹ 20.00 |
| (7) | Vedas in Story form and Chaturvarnyam | – | ₹ 35.00 |
| (8) | Dayananda the Great | – | ₹ 5.00 |

*(പോസ്റ്റേജ് ചിലവ് പുറമെ)*


*തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3. 6. 2. 1)*
*ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു*







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

## അഥ വേദോൽപത്തി വിഷയഃ

**യ**ഝോക്തം സ്വകീയം ജ്ഞാനമുൽകൃഷ്ടമിത്യാദി, തദപ്യ സഞ്ജസമ് | തസ്യ സാധന കോടൗ പ്രവിഷ്ടത്വാത്; ചക്ഷുർവ്വത് | യഥാ ചക്ഷുർമനഃസാഹിത്യേന വിനാ ഹ്യകിംഞ്ചിൽക്കരമസ്തി തഥാന്യേഷാം വിദുഷാമീശ്വരജ്ഞാനസ്യ ച സാഹിത്യേന വിനാ സ്വാഭാവികജ്ഞാനമപ്യകിഞ്ചിൽകരമേവ ഭവതീതി

**ഭാഷാർത്ഥം:–** ഈശ്വരൻ മനുഷ്യർക്ക് സ്വാഭാവികജ്ഞാനം നൽകിയിട്ടുണ്ട്. അത് എല്ലാ ഗ്രന്ഥങ്ങളേക്കാളും ഉത്തമമാണ്. അതില്ലാതെ വേദങ്ങളുടെ ശബ്ദം, അർത്ഥം എന്നിവയേപറ്റിയുള്ള ജ്ഞാനം ഒരിക്കലും ഉണ്ടാവില്ലായിരുന്നു. ആ ജ്ഞാനത്തിന്റെ ക്രമത്തോടെയുള്ള വൃദ്ധിയുണ്ടായപ്പോൾ ജ്ഞാനഗ്രന്ഥങ്ങളും രചിച്ചിരിക്കണം. അപ്പോൾ വേദങ്ങളുടെ ഉൽപത്തി ഈശ്വരനിൽ നിന്നാണെന്ന് എന്തിന് വിശ്വസിക്കണം ?

**ഉത്തരം:** നേരത്തേ പറഞ്ഞ ഏകാന്തതയിൽ വളർത്തപ്പെട്ട ബാലനും വനങ്ങളിൽ പാർക്കുന്ന മനുഷ്യർക്കും ഈശ്വരൻ സ്വാഭാവിക ജ്ഞാനം നൽകിയിട്ടില്ലേ? അവർ സ്വാഭാവികജ്ഞാനത്താൽ വിദ്വാനാവാത്തത് എന്തുകൊണ്ടാണ് ? ഇതിൽ നിന്നും മനസ്സിലാക്കാവുന്നത് ഈശ്വരനാൽ ഉപദേശിക്കപ്പെട്ട വേദങ്ങളില്ലാതെ ഒരാൾക്കും യഥാർത്ഥ ജ്ഞാനം ഒരിക്കലും ലഭിക്കില്ല. വേദങ്ങൾ പഠിച്ചും പണ്ഡിതരുടെ ശിക്ഷണത്തിലൂടേയും അവരെഴുതിയ ഗ്രന്ഥങ്ങൾ വഴിയും അല്ലാതെ നമുക്കും പണ്ഡിതനാവാൻ പറ്റില്ല. അതേപോലെ സൃഷ്ടിയുടെ ആരംഭത്തിൽ പരമാത്മാവ് വേദോപദേശം നൽകിയിരുന്നില്ലാ എങ്കിൽ ഇന്നേവരെ ഒരാൾക്കും ധർമ്മാദി പദാർത്ഥങ്ങളുടെ യഥാർത്ഥ ജ്ഞാനം ലഭിക്കുമായിരുന്നില്ല. ഇതിൽ നിന്നും ഗ്രഹിക്കേണ്ടതെന്തെന്നാൽ പണ്ഡിതന്മാരുടെ ശിക്ഷണത്തിലൂടേയും വേദം പഠിക്കാതെയും സ്വാഭാവികജ്ഞാനം മൂലം മാത്രം ആർക്കും ജ്ഞാനം ഉണ്ടാവുകയില്ലാ എന്നാണ്. നമുക്കും മറ്റുള്ളവരുടെ ഗ്രന്ഥങ്ങൾ വായിച്ച് അവയിൽ നിന്ന് അറിവ് നേടിയാൽ മാത്രമേ മറ്റ് ഗ്രന്ഥങ്ങൾ രചിക്കാനാവൂ. അതേപോലെ ഈശ്വരീയ ജ്ഞാനം എല്ലാവർക്കും അത്യാവശ്യമാണ്. എന്തെന്നാൽ സൃഷ്ടിയുടെ തുടക്കത്തിൽ പഠിക്കാനോ പഠിപ്പിക്കാനോ ഒരു വ്യവസ്ഥയോ, അറിവോ, ഗ്രന്ഥങ്ങളോ ഉണ്ടായിരുന്നില്ല. ഈശ്വരൻ നൽകിയ വേദോപദേശമില്ലാതെ ആ സമയത്ത് വിദ്യയുണ്ടാവാത്തതിനാൽ ആർക്കെങ്കിലും ഗ്രന്ഥരചന നടത്താൻ കഴിയുമോ ?

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

(മുൻ ലക്കത്തിന്റെ തുടർച്ച)

# ശത്രുവോ? മിത്രമോ?

**ഋഷ്യശൃംഗൻ**

## കടബാധ്യത

കടമെന്നത് വായ്പയായി പണമോ മറ്റുവസ്തുക്കളോ ഒരു നിശ്ചിതകാലത്തേക്ക് വാങ്ങുന്നതിനേയാണ് അർത്ഥമാക്കുന്നത്. കടംവാങ്ങൽ സന്തോഷകരമായ നേട്ടമായി തുടക്കത്തിൽ തോന്നാമെങ്കിലും അതുമൂലമുണ്ടാകുന്ന ആത്മാഭിമാനലോപവും ഉറക്കം വരാത്ത രാത്രകളുമാണ് പിന്നീട് ഉണ്ടാകുന്നത്. കടബാദ്ധ്യതമൂലം പല കുടുംബങ്ങളും കൂട്ട ആത്മഹത്യചെയ്യാൻപോലും നിർബന്ധിതരാവുന്നു.

ഇതെല്ലാമറിയാമെന്നിരിക്കലും വളരെ പേർ പണം വലിയ പലിശനിരക്കിൽ കടമെടുക്കാൻ നിർബന്ധിതരായിതീരുന്നു. സാമൂഹ്യാചാരങ്ങൾ, മതപരവും കുടുംബപരവുമായ ചടങ്ങുകൾ, ക്ലിപ്തമായ വരുമാനം, അനിയന്ത്രിതമായ ചിലവുകൾ എന്നിവയൊക്കെയാവാം ഇതിനു പ്രേരണ നൽകുന്നത്.

സ്വയം സംതൃപ്തിയില്ലായ്മ, ചിലവുകൾ നിയന്ത്രിക്കാൻ കഴിയാതിരിക്കുക, ആർഭാട പൂർവ്വമായ ജീവിതശൈലി എന്നിവ കടംവാങ്ങികൂട്ടുവാനുള്ള കാരണങ്ങളിൽ ചിലതാണ്. തന്റെ കൈവശമുള്ള വസ്തുക്കളിൽ സംതൃപ്തി ഇല്ലാതെ വരുന്നതാണ് പ്രധാനകാരണം. മനുഷ്യന്റെ ആഗ്രഹങ്ങൾ അവസാനമില്ലാത്തവയാണ്. വലിയ വീടുകൾ, ആഢംബരകാറുകൾ, ഉന്നതവും ചെലവേറിയതുമായ ജീവിതക്രമം എന്നീ ആഗ്രഹങ്ങളെല്ലാം കടബാധ്യതയിലേക്ക് നയിക്കാവുന്നതാണ്.

ബാങ്കുകളും മറ്റും ധനകാര്യസ്ഥാപനങ്ങളും ബ്ലേഡുകമ്പനിക്കാരും മനം മയക്കുന്ന വാഗ്ദാനപെരുമഴയുമായി ജനങ്ങളെ കയ്യിലെടുക്കുന്നു. ക്രെഡിറ്റ് കാർഡുകൾ വളരെ വ്യാപകമായതോടെ തിരിച്ചടവിനേക്കുറിച്ച് വേണ്ടത്ര മുൻകരുതലില്ലാതെ വിലയേറിയ വസ്തുക്കൾ പലരും വാങ്ങിക്കൂട്ടുന്നു. നേരത്തെ സൂചിപ്പിച്ച പോലെ ഒഴിവാക്കാനാവാത്ത ചിലവുകളാണ് മകളുടെ വിവാഹം, വിദ്യാഭ്യാസം, ചികിത്സാചിലവ് തുടങ്ങിയവ. അപ്രതീക്ഷിതമായുണ്ടാകുന്ന ആശുപത്രിചിലവുകൾ നേരിടുന്നതിന് കൊള്ളപ്പലിശയ്ക്ക് വായ്പയെടുക്കേണ്ടതായ സാഹചര്യങ്ങൾ വരുന്നുണ്ട്. അങ്ങിനെ കടത്തിന്റെ അഗാധഗർത്തത്തിലേക്ക് പലരും ആണ്ടുപോകുന്നു.

(തുടരും)

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*





(മുൻ ലക്കത്തിന്റെ തുടർച്ച)

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

**മഹർഷി ദയാനന്ദ സരസ്വതി**
**തർജ്ജമ: കെ.എം. രാജൻ**




'തതോ മനുഷ്യാ അജായന്ത' എന്നിങ്ങനെ യജുർവ്വേദസംഹിതയിലുണ്ട് (യജുർവ്വേദ സംഹിത അദ്ധ്യായം 31 ലെ സാദ്ധ്യാഋക്ഷയശ്ച യേ എന്ന പാഠം. മുകളിൽ ഉദ്ധരിച്ച പാഠം 14.04.2.5 ൽ ലഭിയ്ക്കും). അവരിൽ ഇന്നത്തേതിനും സമാനമായ ജ്ഞാനകാരണവും കർമ്മകാരണവും തമ്മിൽ വ്യത്യാസമുണ്ടായിരുന്നില്ല. ഇവരിൽ കേവലം ആഹാര-വിഹാരവും മൈഥുനവുമേ ഉണ്ടായിരുന്നുള്ളു. ഈ വിഷയങ്ങളിൽ ഇവർ ഒരേ പോലെയായിരുന്നു. എല്ലാ ശരീരവും എല്ലാ ജീവികളുടേയും ഭോഗത്തിനായുള്ളതാണ്. അതായത് ഒരു ജീവിയ്ക്കുമാത്രമുള്ളതല്ല. ഈ സമസ്തജീവജന്തുക്കളും പരമേശ്വരനാൽ സൃഷ്ടിക്കപ്പെട്ടതാണ്.

**സൻമൂലാഃ സോമ്യേ മാഃ പ്രജാഃ സദായതനാഃ സം പ്രിതിഷ്ഠാഃ |**
**തഥാക്ഷരാത് സോമ്യേമാഃ പ്രജാഃ പ്രജായന്തെ ഇത്യാദി (ഛാന്ദോഗ്യ ഉപനിഷത് 6.8.4)**

എങ്ങിനെയാണോ ചെറിയകുട്ടികൾക്ക് ഇപ്പോഴും ഇവിടെ സ്ഥിതരായിരിക്കുമ്പോഴും പിന്നീട് മരണത്തിന് ശേഷവും ഒരുതരത്തിലുള്ള ശിക്ഷയും ലഭിക്കുന്നില്ലയോ, അതേപോലെ ആദിസൃഷ്ടിയിൽ എല്ലാ മനുഷ്യരും ബാല്യാവസ്ഥയിലായിരുന്നു. നൈസർഗ്ഗികമായി അവരിൽ നിയന്ത്രണണോ പ്രതിഷേധമോ ഉണ്ടായിരുന്നില്ല. തങ്ങളുടെ കണ്ണുകളാൽ കാര്യങ്ങൾ ചെയ്യുക. അതായത് കാണുക, ചെവികളാൽ കേൾക്കുക, കാലുകളാൽ അങ്ങുമിങ്ങും ചലിക്കുക തുടങ്ങിയ കർമ്മങ്ങൾ മാത്രമാണ് ചെയ്യുവാൻ കഴിഞ്ഞിരുന്നത്. അവരെല്ലാം കുട്ടികളുടെ മാനസികാവസ്ഥയിൽ തന്നെയായിരുന്നു. ഇത്തരത്തിലുള്ള സ്ഥിതി ആദി സൃഷ്ടിയിൽ അഞ്ചുവർഷംവരെ തുടർന്നു. പിന്നീട് പരമാത്മാവ് മനുഷ്യർക്ക് വേദജ്ഞാനം നൽകി.

**ഓം ഖം ബ്രഹ്മ | (യജുർവ്വേദം 40.17) യഥാതഥ്യതോƒർത്ഥാൻ വ്യദധാച്ഛാശ്വതീഭ്യഃ സമാഭ്യഃ (യജുർവ്വേദം 40.8)**

ഇപ്പോൾ വേദജ്ഞാനം ലഭിച്ചതിലൂടെ പാപ-പുണ്യങ്ങളുടെ ജ്ഞാനമുണ്ടായി. ക്രമേണ ആചരണഭേദങ്ങൾ ആരംഭിച്ചു. പ്രത്യക്ഷത്തിൽ തന്നെ പാപ-പുണ്യവ്യവസ്ഥയനുസരിച്ച് സഹജമായ കാര്യങ്ങൾ ചെയ്യാൻ തുടങ്ങി. പാപകർമ്മങ്ങൾ ചെയ്യുന്ന മനുഷ്യർക്ക് അടുത്തത് പശുജന്മവും പാപം തീരുന്നതോടെ വീണ്ടും മനുഷ്യജന്മം പ്രാപിക്കാനും തുടങ്ങി.

*(തുടരും)*

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*

(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം 3



"**എ**ന്താടോ ഇപ്പോളീവഴിയ്ക്കൊന്നും കാണാറില്ല്യല്ലോ ? ഭാഗം കഴിഞ്ഞപ്പോൾ തോളത്ത് ഭാരം കേറി അല്ലേ ? എന്താ വിശേഷം ? കണ്ടാൽ വല്ല യാത്രയ്ക്കും ഒരുങ്ങിയ പോലുണ്ടല്ലോ" അപ്ഫൻ സുസ്മിതം അന്വേഷിച്ചു.

"അതെ, യാത്രയ്ക്കൊരുങ്ങിതന്നെയാണ്. ഞാൻ ബോംബേയ്ക്ക് ഇന്നത്തെ 5.36 നുള്ള വണ്ടിയ്ക്ക് പോണംന്നാണ് നിരീയ്ക്കുന്നത്." പാച്ചൻ മുഖവുര കൂടാതെ ധൃതിയിൽ തുടർന്നു. "ഇല്ലത്ത് ഭാഗം കഴിഞ്ഞവർത്തമാനം അറിഞ്ഞില്ലേ?. എനിയ്ക്ക് വെറും 50 രൂപയാണ് റൊക്കം കിട്ടിയത്.

"എന്താപ്പത്, താനൊരൂട്ടം പരിഭ്രമിച്ച് വാലും മൂടുല്യാതെ പറേണ്? എനിയ്ക്കൊന്നും മനസ്സിലാകുന്നില്ല. ഞാനും കേട്ടു ഭാഗം കഴിഞ്ഞൂന്നൊക്കെ. അതിരിയ്ക്കട്ടെ. താനൂണ് കഴിച്ചോ? " അപ്ഫനാരാഞ്ഞു

"സുബ്ബരാമയ്യരുടെ ഹോട്ടലിൽ നിന്നുണ്ടു." പാച്ചൻ അപരാധിയേപ്പോലെ തലകുനിച്ചു.

"അതെന്തിനെ, ഇവിടെ വന്നു കഴിച്ചാൽ മതിയായിരുന്നില്ലേ. ആട്ടെ. സാരല്ല്യാ കാര്യന്താ പറയൂ. അപ്ഫൻ സ്നേഹത്തോടെ ആജ്ഞാപിച്ചു."

"ക്ഷമിയ്ക്കൂ. സമയത്തിനെത്താൻ പറ്റീല്ല്യാങ്കിലോന്ന് വിചാരിച്ചിട്ടാണ് ഉണ്ണാനെത്താത്ത്...." അൽപമാലോചിച്ച് തുടർന്നു.... പഠിച്ചുയരണം ഒന്നുകിൽ, അല്ലെങ്കിൽ മാന്യമായൊരു ജോലിനേടി സമൂഹത്തിൽ സ്വയം പര്യാപ്തി നേടണം. അതിനാണ് ഞാൻ പോകുന്നത്. ഇപ്പോൾ വന്നതിന്റെ കാര്യം വേറൊന്നൂല്ല്യ. ഞാൻ അവിടെ ചെന്ന് ബുദ്ധിമുട്ടിൽ പെടുകയാണെങ്കിൽ കത്ത് അയച്ചാൽ ഒരമ്പത് രൂപ അയച്ചുതന്നാൽ കൊള്ളാം എന്നപേക്ഷിക്കാൻ വന്നതാണ്". പാച്ചൻ കലവറയില്ലാതെ തുറന്നു പറഞ്ഞു.

"ഓഹോ, അത്രേള്ളൂ?" അതിനെന്താ, അയച്ചുതരാം. താൻ പക്ഷെ, വളരെ സൂക്ഷിക്കണം. അറിവും പിടിപാടുമില്ലാത്ത നാട്ടിലേയ്ക്കാണ് പോകുന്നത്. ബോംബെ അധോലോകഗുണ്ടകളുടെ കേന്ദ്രമാണെന്ന് കേട്ടിട്ടുണ്ട്. മനസ്സിരുത്തണം. അതിലൊന്നും പെട്ട് കുടുങ്ങിപ്പോകരുത്. മദ്ധ്യവയസ്കനായ അദ്ദേഹം സസ്നേഹമുപദേശിച്ചു തുടർന്നു പറഞ്ഞു. ഇപ്പോ മണി എന്തായി ? ഒന്നര കഴിഞ്ഞു, അത്രയല്ലേ ആയുള്ളു. കുറച്ച് വിശ്രമിച്ച് ചായകുടിച്ചിട്ടു പോകാം. അപ്ഫൻ കിടക്കാനുള്ള ശ്രമമായി.

രണ്ടുപേരും പായനിവർത്തികിടന്നു.

*(തുടരും)*

*മാ നിന്ദത (ഋഗ്വേദം 4.5.2)*
*നിന്ദിക്കാതിരിക്കൂ!*





(മുൻലക്കത്തിന്റെ തുടർച്ച)

# ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും

**ആര്യ (ശ്രേഷ്ഠ) ജീവിത വിജയത്തിനുള്ള ഏതാനും മാർഗ്ഗങ്ങൾ**

1. തങ്ങളുടെ ജീവിതത്തിന് ഒരു ലക്ഷ്യം മുന്നിൽകണ്ട് അതിന്റെ പ്രാപ്തിക്കായി പൂർണ്ണശക്തിയും പ്രയോഗിക്കുക.
2. സമയത്തിന്റെ സദുപയോഗം നടത്തുക. സമയം വ്യർത്ഥമാക്കി കളയാതിരിക്കുക.
3. ജീവിതത്തെ തപോമയമാക്കുക. ആലസ്യത്തിനും പ്രമാദത്തിനും അടിപ്പെട്ടുപോകാതിരിക്കുക.
4. ആത്മവിശ്വാസിയായി ജീവിക്കുക. സ്വന്തം കഴിവിലും ശക്തിയിലും വിശ്വസിക്കുക. അഹങ്കരിക്കാതിരിക്കുക.
5. എപ്പോഴും ശുഭാപ്തി വിശ്വാസിയായിരിക്കുക.
6. സ്വാദ്ധ്യായം ഒരിക്കലും ഉപേക്ഷിക്കരുത്. സത്യശാസ്ത്രഗ്രന്ഥങ്ങളുടെ പഠനവും അവ സ്വന്തം ജീവിതത്തിൽ പകർത്തുകയും ചെയ്യുക.
7. ദിവസവും സന്ധ്യോപാസനയ്ക്ക് ശേഷം ബലം, ബുദ്ധി, ഭക്തി  എന്നിവ നൽകാനായി ഈശ്വരനോട് പ്രാർത്ഥിക്കുക.

(തുടരും)


**ദയാനന്ദ സന്ദേശം വൈദിക മാസിക**



*സത്യ – സനാതന – വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ*
*വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*

**സൗജന്യ മാതൃകാ കോപ്പിയ്ക്ക് 1 രൂപ സ്റ്റാമ്പ് അയ്ക്കുക**
**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
*Email: dayanandasandesam@gmail.com*
*ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.*

DAYANANDA SANDESAM
Bank Account No: 4264000100072426, IFSC Code : PUNB 0426400, Punjab National Bank- Cherpalcheri Branch


*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*



# സ്വസ്ഥ വൃത്തം

ഡോ.(പ്രൊ.) ശശികുമാർ നെച്ചിയിൽ, എം. ഡി (ആയു.)

## മാനസികാരോഗ്യം നിലനിർത്തുന്നതെങ്ങിനെ ?

- പ്രഭാതത്തിൽ നേരത്തെ ഉണരുക.
- ഉദയസൂര്യനെ കാണുക. ഉദയസൂര്യന് നിങ്ങളുടെ മനസ്സിനെ ഊർജ്ജസ്വലമാക്കുവാനും തദ്വാരാ വിഷാദ രോഗം വരാതിരിക്കുവാനും കഴിയും.
- ബാഹ്യശുചിത്വം ഉറപ്പുവരുത്തുക.
- കഴിയുന്നത്ര ദിവസങ്ങളിൽ തലയ്ക്കു എണ്ണ തേച്ചു കുളിക്കുക.
- നിത്യവും വ്യായാമം ശീലിക്കുക. വ്യായാമാന്ത്യത്തിൽ ധ്യാനം ചെയ്യുക, ധ്യാനത്തിൽ വച്ചു അവനവന്റെ കഴിവുകളെയും കഴിവുകേടുകളെയും തിരിച്ചറിയുക.
- രാത്രി ഭക്ഷണം ലഘുവും ഉറങ്ങുന്നതിന് 1 മണിക്കൂർ മുമ്പെയും ആയിരിക്കട്ടെ. അതു സുഖനിദ്രയെ തരുന്നു.
- തന്റെ ജീവിതം മറ്റുള്ളവരോടു തുലനം ചെയ്യാതെ വ്യക്തിത്വമുള്ളതാക്കുക.
- സന്തോഷം തരുന്ന കർമ്മ രംഗം കണ്ടെത്തുക.
- സ്വന്തം കർമ്മം ആത്മാർത്ഥമായി തനിക്കുവേണ്ടി ചെയ്യുക.
- കർമ്മം കൊണ്ടു ആർക്കൊക്കെയാണു ഗുണം ലഭിക്കുന്നതെന്നും അതിന്റെ അടിസ്ഥാനത്തിൽ കർമ്മരീതികളും ചമയ്ക്കാതിരിക്കുക.
- സാത്വികമായ പച്ചക്കറിയുള്ള ആഹാരം ശീലിക്കുക.

*(തുടരും)*

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*







# വേദാന്തി ധ്വാന്തി നിവാരണം

മഹർഷി ദയാനന്ദസരസ്വതി

*തർജ്ജമ: കെ.എം. രാജൻ*

തദാഹുഃ യദ് ബ്രഹ്മവിദ്യയാ സർവ്വം ഭവിഷ്യന്തോ മനുഷ്യാ മന്യന്തേ കിമു തദ് ബ്രഹ്മവേദ്യസ്മാത്തത് സർവ്വമഭവദിതി || (20)|| ബ്രഹ്മവാƒഇദമഗ്രƒആസിത് | തദാത്മാനമേവാവേദഹം ബ്രഹ്മാസ്മീതി | തസ്മാത്തത് സർവ്വമഭവത്തദ്യോ യോ ദേവാനാം പ്രത്യബുദ്ധ്യത സ ഏവ തദഭവത്തഥƒഷർീണാം തഥാ മനുഷ്യാണാമ് || (21)||

തദ്ധൈതത് പശ്യൃഋഷിർവാമദേവഃ പ്രതിപേദേ | അഹം മനുരഭവം സൂര്യശ്ചേതി | തദിദമഷ്യേത്തർഹി യ ഏവം വേദാƒഹം ബ്രഹ്മാസ്മീതി സ ഇദമ് സർവ്വം ഭവതി | തസ്യ ഹ ന ദേവാശ്ച നാഭൂത്യ ഈശത്ƒസആത്മാഹ്യേഷാമ് സ ഭവത്യഥ യോƒന്യാമ് ദേവതാ മുപാസതƒഅന്യോƒസാവന്യോƒഹമസ്മീതി ന സ വേദാ യഥാ പശുരേവം സ ദേവാനാം യഥാ ഹ വൈ ബഹവഃ പശവോ മനുഷ്യം ഭുഞ്ജുരേവ മേകൈകഃ പുരുഷോദേവാൻ ഭുനക്ത്യേകസ്മിന്നേവ പശാവാദിയമാ നേƒപ്രിയം ഭവതി കിമുബഹുഷു| തസ്മാദേഷാം തത്ര പ്രിയം തദേതൻ മനുഷ്യ വിദ്യുഃ|| (22)||

'അതതി സർവ്വത്ര വ്യാപ്നോതീത്യാത്മാ പരമേശ്വരഃ | ഈ പ്രകരണത്തിൽ പറയുന്നത് എല്ലാ ജീവാത്മാക്കളും പരമേശ്വരന്റെ ഉപാസന ചെയ്താലും | മറ്റാരുടേയും അരുത് എന്നാണ്. എന്തെന്നാൽ സർവ്വവ്യാപിയും സർവ്വാന്തര്യാമിയുമായ പരബ്രഹ്മം എല്ലാറ്റിലും പ്രിയസ്വരൂപമാണ്. അദ്ദേഹത്തെ അറിയണം. പുത്രൻ, വിത്തം, ധനം തുടങ്ങിയ സർവ്വജഗത്തിലേയും സത്യപദാർത്ഥങ്ങളിൽ ആ ബ്രഹ്മമാണ് ഏറ്റവും പ്രിയതരം. അതേപോലെ ഉള്ളിലുള്ള ആത്മാവിന്റെ അന്തര്യാമിയായിരിക്കുന്നതും പരമാത്മാവാണ്. എന്തെന്നാൽ അദ്ദേഹം എല്ലാറ്റിന്റേയും ആത്മാവാണ്. ആരാണോ ഈ ആത്മാവിൽ നിന്നന്യമായി മറ്റൊന്നിനെ പ്രിയമുള്ളതായി പറയുന്നത് അവരോട് (ബ്രൂയാത്) പറഞ്ഞാലും പരമാത്മാവിൽ നിന്നന്യമായതിനെ പ്രിയമെന്നു പറയുമ്പോൾ ദുഃഖസാഗരത്തിൽ പതിച്ച് സദാ കരഞ്ഞുകൊണ്ടിരിയ്ക്കും. ആരാണോ പരമാത്മാവിനു പകരം മറ്റുള്ളവയെ ഉപാസിയ്ക്കുകയാ പ്രീതി വെച്ചുപുലർത്തുകയോ ചെയ്യുന്നത് അവർ നിരന്തരം കരയേണ്ടിവരും. പാഷാണാദിജഡപദാർത്ഥങ്ങളെ ഉപാസിക്കുന്നവർ എപ്പോഴും ദുഃഖിക്കും. (ആത്മാനമേവ പ്രിയമുപാസീത | സയ ആത്മാനമേവ പ്രിയമുപാസതെ ന ഹാസ്യപ്രിയം പ്രമായുകം ഭവതി).

(തുടരും)

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**മ**നുഷ്യൻ ഒരിക്കലും സ്വയം ജന്മമെടുക്കുന്നില്ല. അവന്റെ കർമ്മഫലം മൂലമാണ് ജന്മമെടുക്കേണ്ടി വരുന്നത്. എപ്പോൾ, എവിടെ എങ്ങിനെ ജന്മമെടുക്കുന്നു എന്നത് മനുഷ്യന്റെ നിയന്ത്രണത്തിലല്ല. ഈശ്വരൻ മാത്രമാണ് സർവ്വജ്ഞനും ന്യായകാരിയും. മനുഷ്യന്റെ വർത്തമാനകർമ്മങ്ങൾ ആധാരമാക്കിയും പൂർവ്വജൻമാർജ്ജിതമായ കർമ്മഫലംകൊണ്ടുമാണ് മനുഷ്യജന്മം ലഭിയ്ക്കുന്നത്. മനുഷ്യൻ വർത്തമാനജീവിതത്തിൽ തന്റെ കർമ്മങ്ങളിൽ ശ്രദ്ധാലുവായാൽ ജന്മം സഫലമാക്കാൻ കഴിയും. ഈശ്വരോപാസനകൊണ്ട് നല്ല ജ്ഞാനത്തെ ലഭിയ്ക്കുകയും അതുവഴി മോക്ഷപ്രാപ്തിയിലേയ്ക്കും ജനന - മരണ ചക്രത്തിൽ നിന്നുള്ള മുക്തിയിലേയ്ക്കും നയിക്കപ്പെടുന്നു.

***ചോദ്യം 45: മനുഷ്യയോനിയാണ് സർവ്വശ്രേഷ്ഠമെന്ന് എങ്ങിനെ പറയാൻ സാധിയ്ക്കും ?***

**ഉത്തരം** : ഇതിനുള്ള പ്രത്യക്ഷ ഉദാഹരണമെന്താണെന്നുവെച്ചാൽ മനുഷ്യന് മാത്രമാണ് സ്വന്തം ബുദ്ധി ഉപയോഗിച്ച് സ്വന്തം സുഖങ്ങൾക്കാവശ്യമായ വസ്തുക്കളെല്ലാം സ്വരൂപിക്കാൻ കഴിയുന്നത്. ഭൂമിയിലും ജലത്തിലും ആകാശത്തിലും സഞ്ചരിക്കാൻ സാധിക്കുന്നു. മനുഷ്യന്റെ ബുദ്ധികൂർമ്മതയുടെ ഫലമായി ബാക്കി യോനിയിൽപെട്ട എല്ലാ ജീവികളും മനുഷ്യന്റെ അധീനത്തിലാവുന്നു.

മനുഷ്യൻ കർമ്മം ചെയ്യുന്നതിൽ സ്വതന്ത്രനാണ്. എന്തെല്ലാം പുരോഗതി കാണുന്നുവോ അതെല്ലാം മനുഷ്യൻ ഉണ്ടാക്കിയിട്ടുള്ളതാണ്. ഏറ്റവും മഹത്വപൂർണ്ണമായ ഈശ്വരീയ ജ്ഞാനമായ വേദത്തെ ഈശ്വരൻ മനുഷ്യനാണ് പ്രദാനം ചെയ്തിട്ടുള്ളത്. ഈശ്വരന് മനുഷ്യനുമേൽ വിശേഷകൃപയുണ്ടെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. (ഈശ്വരൻ ദയാലുവും ന്യായകാരിയും പക്ഷപാതരഹിതനുമാണ്. അതിനാൽ എല്ലാ ജീവികളും സ്വയം പ്രസന്നരായും പരാതികളൊന്നുമില്ലാത്തവരായും കാണപ്പെടുന്നു.)

മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള പ്രധാനവ്യത്യാസം ധർമ്മത്തിന്റെ കാര്യത്തിൽ മാത്രമാണ്. ധർമ്മമാർഗ്ഗത്തിൽ സഞ്ചരിക്കുമ്പോൾ മാത്രമാണ് മനുഷ്യനെന്നു വിളിക്കുന്നത്. അല്ലെങ്കിൽ മനുഷ്യനും മൃഗവും തമ്മിൽ യാതൊരു അന്തരവുമില്ല. മനുഷ്യയോനിയിൽ മാത്രമാണ് ഭോഗവും യോഗവുമുള്ളത്. മറ്റു യോനികളിലെല്ലാം ഭോഗം മാത്രമാണുള്ളത്.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*






*(മുൻ ലക്കത്തിന്റെ തുടർച്ച)*

**ആര്യവീർ ദളം - ബാലപംക്തി** **ആര്യവീരഗാഥ - 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*



## ആര്യസമാജ സ്ഥാപനം

**ബോം**ബേയിൽ മടങ്ങിയെത്തിയശേഷം സ്വാമിജി താൻ മുമ്പ് നടത്തിയിരുന്ന നവോത്ഥാന പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കി. വളരെയധികം പേർ സ്വാമിജിയുടെ ഭക്തൻമാരായിതീർന്നു. വിഗ്രഹാരാധനയേകുറിച്ച് പണ്ഡിതൻമാരുമായി നിരവധി ശാസ്ത്രാർത്ഥങ്ങൾ നടത്തിയെങ്കിലും ആർക്കും അതിനെ ന്യായീകരിക്കാനായില്ല. വൻ പാരിതോഷികങ്ങൾ വാഗ്ദാനം ചെയ്തിട്ടും ഒരാൾക്കും സ്വാമിജിയുമായി ഈ വിഷയത്തിൽ വിജയിക്കാനായില്ല. സത്യപക്ഷത്തിന്റെ ഈ ശക്തികണ്ട് അദ്ദേഹത്തിന്റെ അനുയായികൾ ഒരു സംഘടനാരൂപം നൽകണമെന്നഭിപ്രായപ്പെട്ടു. എന്തെന്നാൽ വ്യക്തിഗതമായ പ്രവർത്തനങ്ങൾ ക്ഷണികങ്ങളാണ്. അങ്ങിനെ 1875 ലെ ചൈത്രശുക്ലപ്രതിപദ ദിനത്തിൽ ബോംബെയിൽ വെച്ച് 'ആര്യജമാജമെന്ന മഹത്പ്രസ്ഥാനത്തിന് തുടക്കമിട്ടു.'

## കമലനയനാചാരിയുമായുള്ള ശാസ്ത്രാർത്ഥം

സ്വാമിജി അഹമ്മദാബാദിലായിരുന്നപ്പോൾ ബെംബെയിലെ കമലനയനാചാരിയുമായി ശാസ്ത്രാർത്ഥം നടത്തണമെന്നാവശ്യപ്പെട്ട് ബോംബെയിൽ നിന്ന് കമ്പി സന്ദേശം ലഭിച്ചു. സ്വാമിജി ബോംബെയിലെത്തി. കമലനയനാചാരി ബോംബെയിലെ വലിയപണ്ഡിതനായി അറിയപ്പെട്ടിരുന്നു. വേദങ്ങളിൽ വിഗ്രഹാരാധാനക്ക് പ്രമാണമുണ്ടെന്ന് തെളിയിക്കാൻ അദ്ദേഹം തയ്യാറായി. എന്നാൽ ശാസ്ത്രാർത്ഥം നടത്തുന്നതിന് അദ്ദേഹം ഏർപ്പെടുത്തിയ നിബന്ധനകൾ വളരെ കഠിനമായിരുന്നു. നാലുവേദങ്ങളും സഭാമണ്ഡപത്തിൽ വെക്കണമെന്നും ഏതാനും പണ്ഡിതൻമാരെ മദ്ധ്യസ്ഥന്മാരാക്കണമെന്നുള്ള നിബന്ധനകൾ സ്വീകാര്യങ്ങളാണ്. എന്നാൽ എല്ലാ ഭാഗത്തുനിന്നുമുള്ള പണ്ഡിതന്മാരെ ഒറ്റക്കെട്ടായി അണിനിരത്തിയാൽ മാത്രമേ താൻ ശാസ്ത്രാർത്ഥത്തിന് തയ്യാറാവൂ എന്നദ്ദേഹം ശഠിച്ചു. സ്വാമിജിയും അദ്ദേഹത്തിന്റെ അനുയായികളും ഈ നിബന്ധനകൾ പാലിക്കാൻ പരമാവധി പരിശ്രമിച്ചു. എന്നാൽ എല്ലാ പണ്ഡിതന്മാരേയും ഒറ്റക്കെട്ടായി അണിനിരക്കത്തുക അസംഭവമായ കാര്യമാണ്. സ്വാമി ദയാനന്ദനെന്ന അജയ്യനായ വേദപണ്ഡിതനിൽ നിന്ന് രക്ഷ പ്രാപിക്കുന്നതിനായി കമലനയനാചാരി ഏർപ്പെടുത്തിയ നിബന്ധനയായിരുന്നു ഇത്. പ്രത്യേകിച്ചൊന്നും പറയാതെ കമലനയനാചാരി സഭാ ഗൃഹം വിട്ടു പോയി. ആ സമയത്ത് അയ്യായിരത്തോളം പേർ അവിടെ ഉപസ്ഥിതരായിരുന്നു. സ്വാമിജി പ്രബലമായ ശാസ്ത്ര പ്രമാണങ്ങളാലും വാദഗതിയായാലും വിഗ്രഹാരാധനയുടെ പൊള്ളത്തരത്തെ തുറന്നുകാട്ടി. സ്വാമിജിയുടെ ഈ പ്രഭാഷണം ജനങ്ങളെ വളരെയേറെ സ്വാധീനിച്ചു.

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*



(മുൻ ലക്കത്തിന്റെ തുടർച്ച)

# വേദപ്രകാശം പാഠാവലി

ജാതവേദൻ

## പാഠം 4 ഗൃഹസ്ഥാശ്രമം

**ചോദ്യം 1 : വിവാഹം ചെയ്യാനുള്ള അധികാരം ആർക്കൊക്കെയാണ് ?**

**ഉത്തരം** : ധാർമ്മികൻ, പണ്ഡിതൻ, സദാചാരി, ബ്രഹ്മചാരി എന്നിവർക്ക് വിവാഹം ചെയ്യാൻ അധികാരമുണ്ട്.

**ചോദ്യം 2 : വിവാഹം നടത്തുന്നതിനുള്ള അടിസ്ഥാനമായി കണക്കാക്കേണ്ടവ ഏതെല്ലാമാണ് ?**

**ഉത്തരം** : അനുകൂല ഗുണകർമ്മസ്വഭാവങ്ങളാണ് വിവാഹം നടത്തുന്നതിന് അടിസ്ഥാനമായി കണക്കാക്കേണ്ടത്.

**ചോദ്യം 3 : ജാതകപൊരുത്തം നോക്കി വിവാഹം നടത്തുന്നത് ശരിയാണോ ?**

**ഉത്തരം** : ഒരിക്കലുമല്ല. എന്തെന്നാൽ വധൂവരന്മാരുടെ പരസ്പരബന്ധവും ഭാവി കാര്യങ്ങളും ജാതകവുമായി ഒരു ബന്ധവുമില്ലാത്തതാണ്.

**ചോദ്യം 4 : വർണ്ണ വ്യവസ്ഥ എന്നു പറയുന്നത് എന്താണ് ?**

**ഉത്തരം** : വർണ്ണവ്യവസ്ഥയെന്നത് ഒരു സാമൂഹ്യ വ്യവസ്ഥയാണ്. യോഗ്യതയുടെ അടിസ്ഥാനത്തിൽ സമാജത്തെ നാലുവർണ്ണങ്ങളായി വേർതിരിച്ചിരിക്കുന്നു.

**ചോദ്യം 5 : വർണ്ണങ്ങൾ എത്രയുണ്ട് ? അവ ഏതെല്ലാമാണ് ?**

**ഉത്തരം** : വർണ്ണങ്ങൾ നാലാണ്. 1. ബ്രാഹ്മണൻ, 2. ക്ഷത്രിയൻ, 3. വൈശ്യൻ, 4.ശൂദ്രൻ.

**ചോദ്യം 6 : വർണ്ണവ്യവസ്ഥ ജനനത്തെ അടിസ്ഥാനമാക്കിയുള്ളതാണോ ?**

**ഉത്തരം** : അല്ല. വർണ്ണവ്യവസ്ഥ ഗുണ-കർമ്മ-സ്വഭാവത്തെ ആധാരമാക്കിയാണ്.

**ചോദ്യം 7 : ഏതെങ്കിലും വ്യക്തിക്ക് ബ്രാഹ്മണനായി തീരാനാവുമോ ?**

**ഉത്തരം** : ബ്രാഹ്മണനാവുന്നതിന് ഏതാനും കർമ്മങ്ങൾ വേണമെന്ന് ശാസ്ത്രങ്ങൾ പറയുന്നു. ആ കർമ്മാനുഷ്ഠാനങ്ങളാൽ ഏതൊരാൾക്കും ബ്രാഹ്മണനാകാം.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*






# SUPPORT FOR VEDA GURUKULAM

We solicit your support for running our Veda Gurukulam by way of conducting special *'Yagya', 'Annadanam'*, to meet the educational expenses of *'Brahmacharis'* and maintanance of *'Goshala'* during the occasion of Birthdays, Marriages, Marriage Anniversaries etc.. at your family. The donations may be made through Cheque / Draft or can be directly deposited at our Bank as per the details mentioned below

**PANDIT RISHIRAM ARYOPADESHAK MAHAVIDYALAY**
**Pandit Guruduth Bhavan, Karalmanna (P.O), Palakkad Dist, Kerala - 679 506,**
**Email: aryopadeshakvidyalaykerala@gmail.com, Phone: 9562529095, 9446017440**
**A/c No: 4264000100079146, Punjab National Bank, Cherpulassery Branch, IFSC Code:PUNB0426400**
**(Registered Under Section 12AA of Income Tax Act 1961)**



**ദയാനന്ദ സന്ദേശം:** ഉടമസ്ഥതയും വിശദാംശങ്ങളെയും സംബന്ധിച്ചുള്ള സ്ഥിതി വിവരം (1956 ലെ കേന്ദ്ര ന്യൂസ് പേപ്പർ നിയമപ്രകാരവും 19 ഡി (ബി) യിലെ പി.ആർ.ബി. നിയമത്തിൻ പ്രകാരവും പ്രസിദ്ധപ്പെടുത്തുന്നത്.

**ഫോറം IV**

| | | | |
|---|---|---|---|
| 1. | പ്രസിദ്ധീകരിക്കുന്ന സ്ഥലം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |
| 2. | പ്രസിദ്ധീകരണ സ്വഭാവം | - | മാസിക |
| 3. | അച്ചടിക്കുന്ന ആളിന്റെ പേര് | - | കെ.എം. രാജൻ |
| | ഭാരതീയനാണോ | - | അതെ |
| | മേൽവിലാസം | - | ആര്യസമാജം പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |
| 4. | പ്രസാധകന്റെ പേര് | - | കെ.എം. രാജൻ |
| | ഭാരതീയനാണോ | - | അതെ |
| | മേൽവിലാസം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം, സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |
| 5. | പത്രാധിപരുടെ പേര് | - | കെ.എം. രാജൻ |
| | മേൽവിലാസം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം, സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |

6. പത്രത്തിന്റെ ഉടമസ്ഥതിയിൽ ഒരു ശതമാനമോ അതിലധികമോ ഓഹരിയോ പങ്കാളിത്തമോ ഉള്ള വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേരും മേൽവിലാസം - ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം, സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം

മുകളിൽ കൊടുത്തിട്ടുള്ള വിവരങ്ങൾ എന്റെ അറിവിന്റെയും വിശ്വാസത്തിന്റെയും വെളിച്ചത്തിൽ സത്യമാണെന്ന് ഞാൻ കെ.എം. രാജൻ പ്രസ്താവിച്ചു കൊള്ളുന്നു.

സ്ഥലം: **വെള്ളിനേഴി** ഒപ്പ്
തിയ്യതി: **10. 03. 2016** കെ.എം. രാജൻ, പ്രസാധകൻ


*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5. 51. 15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*